പതിനാറാം കേരളനിയമസഭ

ബിൽ നമ്പർ 10

# 2026-ലെ കേരള മാനസിക വെല്ലുവിളി നേരിടുന്നവരും ചലനശേഷി നഷ്ടപ്പെട്ടവരുമായ നിരാശ്രയരായ ജനവിഭാഗങ്ങളുടെ ആജീവനാന്ത സംരക്ഷണ ബിൽ

(ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ എം.എൽ.എ. നോട്ടീസ് നൽകിയത്)

©

കേരളനിയമസഭാ സെക്രട്ടേറിയറ്റ്

2026

കേരളനിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാറാം കേരളനിയമസഭ

ബിൽ നമ്പർ 10

# 2026-ലെ കേരള മാനസിക വെല്ലുവിളി നേരിടുന്നവരും ചലനശേഷി നഷ്ടപ്പെട്ടവരുമായ നിരാശ്രയരായ ജനവിഭാഗങ്ങളുടെ ആജീവനാന്ത സംരക്ഷണ ബിൽ

(ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ എം.എൽ.എ. നോട്ടീസ് നൽകിയത്)

1280/2026.

# 2026-ലെ കേരള മാനസിക വെല്ലുവിളി നേരിടുന്നവരും ചലനശേഷി നഷ്ടപ്പെട്ടവരുമായ നിരാശ്രയരായ ജനവിഭാഗങ്ങളുടെ ആജീവനാന്ത സംരക്ഷണ ബിൽ

(ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ എം.എൽ.എ. നോട്ടീസ് നൽകിയത്)

മാനസിക വെല്ലുവിളി നേരിടുന്നവരും ചലനശേഷി നഷ്ടപ്പെട്ടവരുമായ നിരാശ്രയരായ ജനവിഭാഗങ്ങളുടെ ആജീവനാന്ത സുരക്ഷയും സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായുള്ള

ഒരു

ബിൽ

പീഠിക.—സംസ്ഥാനത്തെ നിരാശ്രയരായ മാനസിക വെല്ലുവിളി നേരിടുന്നവരും ചലനശേഷി നഷ്ടപ്പെട്ടവരുമായ ജനവിഭാഗങ്ങളും അവരുടെ രക്ഷിതാക്കളും അനുഭവിക്കുന്ന നിരവധിയായ പ്രയാസങ്ങൾക്കും അവയുടെ സാമൂഹിക പ്രത്യാഘാതങ്ങൾക്കും പരിഹാരം ഉണ്ടാക്കുന്നതിനായി ഒരു അതോറിറ്റി രൂപീകരിക്കേണ്ടത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിഏഴാം സംവത്സരത്തിൽ താഴെപ്പറയുന്ന പ്രകാരം ഒരു നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് "2026-ലെ കേരള മാനസിക വെല്ലുവിളി നേരിടുന്നവരും ചലനശേഷി നഷ്ടപ്പെട്ടവരുമായ നിരാശ്രയരായ ജനവിഭാഗങ്ങളുടെ ആജീവനാന്ത സംരക്ഷണ ആക്റ്റ്" എന്ന് പേര് പറയാം.

(2) ഈ ആക്റ്റിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ് .

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ബി) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്ന് അർത്ഥമാകുന്നു;

1280/2026.

(സി) "അതോറിറ്റി" എന്നാൽ ഈ ആക്റ്റിലെ 3-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള കേരള മാനസിക വെല്ലുവിളി നേരിടുന്നവരും ചലനശേഷി നഷ്ടപ്പെട്ടവരുമായ നിരാശ്രയരായ ജനവിഭാഗങ്ങളുടെ ആജീവനാന്ത സംരക്ഷണ അതോറിറ്റി എന്നർത്ഥമാകുന്നു;

(ഡി) "കളക്ടർ" എന്നാൽ ജില്ലാ കളക്ടർ എന്നർത്ഥമാകുന്നു;

(ഇ) "ജില്ലാതല അതോറിറ്റി" എന്നാൽ ഈ ആക്റ്റിലെ 5-ാം വകുപ്പ് പ്രകാരം രൂപീകരിച്ച മാനസിക വെല്ലുവിളി നേരിടുന്നവരും ചലനശേഷി നഷ്ടപ്പെട്ടവരുമായ നിരാശ്രയരായ ജനവിഭാഗങ്ങളുടെ ആജീവനാന്ത സംരക്ഷണത്തിനായുള്ള ജില്ലാതല അതോറിറ്റി എന്നർത്ഥമാകുന്നു;

(എഫ്) "വകുപ്പ്" എന്നാൽ ഈ ആക്റ്റിലെ ഒരു വകുപ്പ് എന്നർത്ഥമാകുന്നു;

(ജി) "വിജ്ഞാപനം" എന്നാൽ കേരള സർക്കാരിന്റെ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനം എന്നർത്ഥമാകുന്നു.

3. കേരള മാനസിക വെല്ലുവിളി നേരിടുന്നവരും ചലനശേഷി നഷ്ടപ്പെട്ടവരുമായ നിരാശ്രയരായ ജനവിഭാഗങ്ങളുടെ ആജീവനാന്ത സംരക്ഷണ അതോറിറ്റി രൂപീകരണവും ഘടനയും.—(1) ഈ ആക്റ്റ് നിലവിൽ വന്നതിന് ശേഷം എത്രയും വേഗം നിയമം നടപ്പിലാക്കുന്നതിനുവേണ്ടി സർക്കാർ വിജ്ഞാപനം വഴി നിർദ്ദേശിക്കുന്ന പ്രകാരമുള്ള തീയതി മുതൽ പ്രാബല്യമുള്ള മാനസിക വെല്ലുവിളി നേരിടുന്നവരും ചലനശേഷി നഷ്ടപ്പെട്ടവരുമായ നിരാശ്രയരായ ജനവിഭാഗങ്ങളുടെ ആജീവനാന്ത സംരക്ഷണ അതോറിറ്റി രൂപീകരിക്കേണ്ടതാണ്.

(2) കേരള മാനസിക വെല്ലുവിളി നേരിടുന്നവരും ചലനശേഷി നഷ്ടപ്പെട്ടവരുമായ നിരാശ്രയരായ ജനവിഭാഗങ്ങളുടെ ആജീവനാന്ത സംരക്ഷണ അതോറിറ്റിയിൽ മുഖ്യമന്ത്രി അധ്യക്ഷനും താഴെപ്പറയുന്നവർ അംഗങ്ങളായിരിക്കേണ്ടതുമാണ് :

(എ) തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി;

(ബി) സാമൂഹ്യനീതി, ആരോഗ്യം എന്നീ വകുപ്പുമന്ത്രിമാർ;

(സി) സാമൂഹ്യനീതി വകുപ്പ് സെക്രട്ടറി;

(ഡി) സാമൂഹ്യനീതി, ആരോഗ്യം എന്നീ വകുപ്പ് ഡയറക്ടർമാർ;

(ഇ) മാനസിക വെല്ലുവിളി നേരിടുന്നവരും ചലനശേഷി നഷ്ടപ്പെട്ടവരുമായ നിരാശ്രയരായ ജനവിഭാഗങ്ങളുടെ ക്ഷേമത്തിനു വേണ്ടി പ്രവർത്തിക്കുന്നവരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന 2 പ്രവർത്തകർ.

4. <u>സംസ്ഥാനതല അതോറിറ്റിയുടെ അധികാരങ്ങളും കർത്തവ്യങ്ങളും</u>.—ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി സംസ്ഥാനതല അതോറിറ്റിക്ക് താഴെപ്പറയുന്ന അധികാരങ്ങളും കർത്തവ്യങ്ങളും ഉണ്ടായിരിക്കുന്നതാണ്:

1. ജില്ലാതലത്തിലുള്ള അതോറിറ്റികളുടെ രൂപീകരണവും അവയുടെ പ്രവർത്തനങ്ങളുടെ മേൽനോട്ടവും;

2. ഈ ആക്ടിന്റെ അടിസ്ഥാനത്തിലുള്ള എല്ലാ പ്രവർത്തനങ്ങൾക്കും ആവശ്യമായ പദ്ധതികൾ തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുക;

3. ഭിന്നശേഷി അംഗപരിമിത വിഭാഗത്തിൽപ്പെട്ടവരുടെ സംരക്ഷണം ഉറപ്പാക്കുന്നതിന് വേണ്ടിയുള്ള നയരൂപീകരണം നടപ്പിലാക്കുക;

4. മാനസിക വെല്ലുവിളി നേരിടുന്നവരും ചലനശേഷി നഷ്ടപ്പെട്ടവരുമായ നിരാശ്രയരായ ജനവിഭാഗങ്ങളെ സംരക്ഷിക്കുന്ന കേന്ദ്രങ്ങൾ/സ്ഥാപനങ്ങൾ/വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ പ്രവർത്തനം നിരന്തര പരിശോധനയ്ക്ക് വിധേയമാക്കുക;

5. സംസ്ഥാനതല അതോറിറ്റിയും ജില്ലാതല അതോറിറ്റിയും അതത് ചെയർമാന്മാർ നിശ്ചയിക്കുന്ന സ്ഥലത്തും സമയത്തും യോഗം ചേരേണ്ടതും ഈ ആക്ട് പ്രകാരവും അതിൻകീഴിലുണ്ടാക്കിയ പദ്ധതിയും ചട്ടങ്ങളും പ്രകാരവും ഏൽപ്പിച്ചു കൊടുക്കാവുന്ന അത്തരം അധികാരങ്ങളും കർത്തവ്യങ്ങളും നിർവ്വഹിക്കേണ്ടതുമാണ്.

5. <u>ജില്ലാതല അതോറിറ്റിയുടെ രൂപീകരണവും ഘടനയും</u>.—(1) സർക്കാർ വിജ്ഞാപനംവഴി ഈ ആക്ട് നിലവിൽവന്നതിന് ശേഷം എത്രയുംവേഗം സംസ്ഥാനത്തെ ഓരോ ജില്ലക്കുവേണ്ടിയും നിർദ്ദേശിക്കുന്ന പ്രകാരമുള്ള ഓരോ അതോറിറ്റി രൂപീകരിക്കേണ്ടതാണ്.

(2) ഓരോ ജില്ലാതല അതോറിറ്റിയിലും താഴെപ്പറയുന്ന പ്രകാരത്തിലുള്ള അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ് :

(എ) ജില്ലാ കളക്ടർ;

(ബി) ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ;

(സി) ജില്ലയിൽ നിന്നുള്ള നിയമസഭാ സാമാജികർ;

(ഡി) ജില്ലാ സാമൂഹികനീതി ഓഫിസർ ;

(ഇ) ജില്ലാ മെഡിക്കൽ ഓഫിസർ (ആരോഗ്യം );

(എഫ്) ജില്ലാ പ്ലാനിംഗ് ഓഫീസർ;

(ജി) ജില്ലയുടെ പരിധിയിൽ വരുന്ന എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ മേയർമാർ, മുനിസിപ്പാലിറ്റി ചെയർമാന്മാർ/ചെയർപേഴ്സൺ;

(എച്ച്) ജില്ലയുടെ പരിധിയിൽ സ്ഥിരതാമസക്കാരായ മാനസിക വെല്ലുവിളി നേരിടുന്നവരും ചലനശേഷി നഷ്ടപ്പെട്ടവരുമായ നിരാശ്രയ ജനവിഭാഗങ്ങളുടെ ക്ഷേമത്തിനു വേണ്ടി പ്രവർത്തിക്കുന്നവരിൽ നിന്നും ജില്ലാ കളക്ടർ നാമനിർദ്ദേശം ചെയ്യുന്ന രണ്ടു പേർ.

(3) ജില്ലാ കളക്ടർ ജില്ലാതല അതോറിറ്റിയുടെ ചെയർമാനും ജില്ലാ സാമൂഹികനീതി ഓഫിസർ കൺവീനറായിരിക്കുന്നതുമാണ്.

6. <u>ജില്ലാതല അതോറിറ്റിയുടെ അധികാരങ്ങളും കർത്തവ്യങ്ങളും.</u>—ഈ ആക്റ്റിലെ വ്യവസ്ഥകൾക്കും ചട്ടങ്ങൾക്കും വിധേയമായി ജില്ലാതല അതോറിറ്റിക്ക് താഴെപ്പറയുന്ന അധികാരങ്ങളും കർത്തവ്യങ്ങളും ഉണ്ടായിരിക്കുന്നതാണ്:

(എ) മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികളെയും ചലനശേഷി നഷ്ടപ്പെട്ടവരെയും ആജീവനാന്തം പരിചരിക്കുന്നതിനും സംരക്ഷിക്കുന്നതിനും ഗാർഹിക അന്തരീക്ഷത്തിലുള്ള പുനരധിവാസ കേന്ദ്രങ്ങൾ തയ്യാറാക്കുക;

(ബി) സർക്കാർ ഉടമസ്ഥതയിലും സ്വകാര്യ ഉടമസ്ഥതയിലുമുള്ള മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികളെയും ചലനശേഷി നഷ്ടപ്പെട്ടവരെയും സംരക്ഷിക്കുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക;

(സി) മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികളെയും ചലനശേഷി നഷ്ടപ്പെട്ടവരെയും പരിചരിക്കുന്നതിനും സംരക്ഷിക്കുന്നതിനും ആവശ്യമായ പരിശീലനം പൊതുജനങ്ങൾക്ക് നൽകുന്നതിനുള്ള സ്ഥിരം സംവിധാനം ഒരുക്കുക;

(ഡി) മാനസിക വെല്ലുവിളികൾ നേരിടുന്നവരും ചലനശേഷി നഷ്ടപ്പെട്ടവരുമായ നിരാശ്രയരുടെയും അവരുടെ സംരക്ഷകരുടെ നേർക്കുമുണ്ടാകുന്ന അതിക്രമങ്ങളും നിയമലംഘനങ്ങളും മതിയായ പ്രാധാന്യത്തോടെ നിയമ സംവിധാനങ്ങൾക്ക് മുന്നിൽ എത്തിച്ച് തുടർനടപടി സ്വീകരിക്കുക;

(ഇ) മാനസിക വെല്ലുവിളികൾ നേരിടുന്നവരും ചലനശേഷി നഷ്ടപ്പെട്ടവരുമായ നിരാശ്രയരുടെ സംരക്ഷകർക്കും സമർപ്പിക്കാനുള്ള പരാതികളും ആവലാതികളും സ്വീകരിക്കുകയും ആയത് സംബന്ധിച്ച് ആവശ്യമായ ശിപാർശകൾ സർക്കാരിന് സമർപ്പിക്കുകയും ചെയ്യുക.

7. ഒഴിവ്, ന്യൂനത എന്നീ കാരണങ്ങളാൽ അതത് വിദഗ്ദ്ധസമിതിയുടെയോ അതത് കമ്മിറ്റിയുടെയോ പ്രവൃത്തികൾ അസാധുവാക്കാവുന്നതല്ല.—(1) ജില്ലാതല അതോറിറ്റി ചെയ്ത ഏതൊരു പ്രവൃത്തിയോ എടുത്ത ഏതൊരു നടപടിയോ;

(2) മേൽപ്പറഞ്ഞ കമ്മിറ്റികളിലെ ഏതെങ്കിലും ഒഴിവിന്റെയോ അതിന്റെ രൂപീകരണത്തിലെ എതെങ്കിലും ന്യൂനതയോ;

(3) വിഷയത്തിന്റെ മൂല്യത്തെ ബാധിക്കാത്ത മേൽപ്പറഞ്ഞ കമ്മിറ്റികളുടെ രൂപീകരണത്തിലെ ഏതെങ്കിലും ന്യൂനതയുടെ അടിസ്ഥാനത്തിൽ അസാധുവാകുന്നതല്ല.

8. ഒഴിവുകൾ.—(1) അതത് സംഗതി പോലെ ജില്ലാതല അതോറിറ്റിയിലുണ്ടാകുന്ന ഏതൊരൊഴിവും കഴിയുന്നതും വേഗം നാമനിർദ്ദേശം വഴി അതത് സംഗതി പോലെ ജില്ലാകളക്ടർ നികത്തേണ്ടതാണ്.

(2) ആകസ്മിക ഒഴിവ് നികത്താൻ നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരാൾ അയാൾ, ഏതംഗത്തിന്റെ സ്ഥാനത്തേയ്ക്കാണോ നാമനിർദ്ദേശം ചെയ്യപ്പെട്ടത് ആ അംഗത്തിന് തുടരാൻ കഴിയുന്ന കാലാവധി വരെ തുടരാവുന്നതാണ്.

9. ആക്ടിന്റെ ലംഘനവും ശിക്ഷയും.—(1) ഈ ആക്ടോ അതിൻപ്രകാരമുള്ള ചട്ടങ്ങളോ ലംഘിക്കുന്ന ഏതൊരാളിനെയും കുറ്റസ്ഥാപനത്തിൻമേൽ മൂന്ന് വർഷംവരെ ആകാവുന്ന തടവുശിക്ഷയോ ഒരു ലക്ഷം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയുള്ള ശിക്ഷയോ, ലംഘനം തുടരുന്ന സംഗതിയിൽ അങ്ങനെ ലംഘനം തുടരുന്ന ഓരോ ദിവസത്തിനും 1,000 രൂപ വരെയാകാവുന്ന അധികമായ പിഴ ശിക്ഷയും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാകുന്നു.

(2) ഈ ആക്ട് പ്രകാരമോ അതിൻകീഴിലോ ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുറ്റം ചെയ്യാൻ പ്രേരിപ്പിക്കുന്ന ഏതൊരാളും അത്തരം കുറ്റത്തിന് ഈ ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പിഴ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(3) ഈ ആക്ട് പ്രകാരം ശിക്ഷാർഹമാക്കിയിട്ടുള്ള ഏതെങ്കിലും പ്രവൃത്തിക്കോ വീഴ്ചയ്ക്കോ തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമപ്രകാരം ഏതെങ്കിലും ആളിനെ പ്രോസിക്യൂട്ട് ചെയ്യുന്നതിന് ഈ ആക്ടിലെ യാതൊന്നും തടസ്സമാകുന്നില്ല.

(4) ഈ ആവശ്യത്തിലേക്കായി അധികാരപ്പെടുത്തിയ ഒരാളുടെയോ ജില്ലാ കളക്ടറുടെയോ, ചെയർമാൻ/കൺവീനർ എന്നിവരുടെ പരാതിയിൻമേൽ ഈ കാര്യത്തിൽ ഈ ആക്ട് പ്രകാരം ശിക്ഷിക്കപ്പെടത്തക്കതായ ഏതൊരു കുറ്റവും കോടതിക്ക് വിചാരണയ്ക്ക് എടുക്കാവുന്നതാണ്.

10. <u>നിയമഭേദഗതിയും ചട്ടങ്ങൾ ഉണ്ടാക്കുകയും ചെയ്യൽ</u>.—(1) ഈ ആക്റ്റിലെ എല്ലാമോ ഏതെങ്കിലുമോ ആവശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടി സർക്കാരിന് ഗസറ്റ് വിജ്ഞാപനംവഴി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയതിന് ശേഷം എത്രയും വേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ 14 ദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതും അപ്രകാരം അത് വയ്ക്കുന്ന സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ് നിയമസഭ പ്രസ്തുത ചട്ടങ്ങളിൽ ഏതെങ്കിലും മാറ്റം വരുത്തുകയോ അഥവാ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം ആ ചട്ടത്തിന് അതിനുശേഷം അതത് സംഗതിപോലെ അതിനെ മാറ്റം വരുത്തിയ രൂപത്തിൽമാത്രം പ്രാബല്യമുണ്ടാവുന്നതോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുന്നതോ ആകുന്നു.

11. <u>പരിശോധനയ്ക്ക് സർക്കാരിനുള്ള അധികാരം</u>.—ഈ ആക്റ്റിൻകീഴിലോ അതിൻ കീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്ക് കീഴിലോ ജില്ലാതല അതോറിറ്റി എടുക്കുന്ന ഏതൊരു തീരുമാനം സംബന്ധിച്ചും റിപ്പോർട്ട് വാങ്ങുന്നതിനും ഫയൽ പരിശോധിക്കുന്നതിനും അതിൻമേൽ ജില്ലാതല അതോറിറ്റിയുടെ ചെയർമാനുമേൽ നടപടി സ്വീകരിക്കുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുവാനും സർക്കാരിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

12. <u>മറ്റു നിയമങ്ങളിൻമേലുള്ള അതിപ്രഭാവം</u>.—ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ അതിന് വിരുദ്ധമായി എന്തുതന്നെ അടങ്ങിയിരുന്നാലും പ്രാബല്യമുണ്ടായിരിക്കുന്നതാണ്. എന്നാൽ, സർക്കാരിന് പ്രസ്തുത ആക്റ്റ് നടപ്പിലാക്കുന്നതിനുള്ള ഉറപ്പ് വരുത്തുന്നതിലേക്കായി നിർണ്ണയിക്കപ്പെടാവുന്ന സമ്പ്രദായത്തിലും രീതിയിലും കാലാനുസൃതമായ മാറ്റം വ്യവസ്ഥ ചെയ്യാവുന്നതാണ്.

13. <u>ആക്റ്റിലെ വൈഷമ്യങ്ങൾ നീക്കം ചെയ്യൽ</u>.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനാൽ എതെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം സർക്കാരിന് ഉത്തരവുമൂലം ആ വൈഷമ്യം നീക്കുന്നതിന് ആവശ്യമെന്ന് അവർക്ക് തോന്നുന്ന ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത യാതൊരുകാര്യവും ചെയ്യാവുന്നതാണ്. എന്നാൽ ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്നതുമുതൽ രണ്ട് വർഷത്തിനുശേഷം യാതൊരു ഉത്തരവും ഈ വകുപ്പിന് കീഴിൽ പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) ഈ വകുപ്പുപ്രകാരമുള്ള ഏതൊര് ഉത്തരവും അതുണ്ടാക്കിയതിന് ശേഷം ഏറ്റവും അടുത്തുവരുന്ന നിയമസഭാ സമ്മേളനത്തിൽ വയ്ക്കേണ്ടതാണ്.

## ഉദ്ദേശ്യ കാരണങ്ങളുടെ വിവരണം

സംസ്ഥാനത്ത് എൻഡോസൾഫാൻ ദുരിതബാധിതർ ഉൾപ്പെടെയുള്ള നിരാലംബരായ മാനസിക വെല്ലുവിളികൾ നേരിടുന്നവരും ചലനശേഷി നഷ്ടപ്പെട്ടവരുമായ ജനങ്ങളും അവരുടെ സംരക്ഷകരും അനുഭവിക്കുന്ന ദുരിതങ്ങൾ അനവധിയാണ്. അശരണരായ മാനസിക വെല്ലുവിളികൾ നേരിടുന്നവരും ചലനശേഷി നഷ്ടപ്പെട്ടവരും അവരുടെ സംരക്ഷകരായ രക്ഷിതാക്കളും അവരുടെ കുടുംബത്തിനും സമൂഹത്തിനും ബാധ്യതയായിത്തീരുന്ന സാഹചര്യത്തിൽ അവർക്ക് സംരക്ഷണവും അവരുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള പരിശീലനവും സഹായവും നൽകേണ്ടിയിരിക്കുന്നു. ജനിതക വൈകല്യങ്ങൾ മൂലവും മറ്റു കാരണങ്ങളാലും മാനസിക വെല്ലുവിളികൾ നേരിടുന്നവരും ചലനശേഷിയില്ലാതെ കിടപ്പിലായവരും അവരുടെ രക്ഷിതാക്കളും അനുഭവിക്കുന്ന പ്രയാസങ്ങളും ബുദ്ധിമുട്ടുകളും സാമൂഹികമായ ഒറ്റപ്പെടലുകളും വളരെ വേദനാജനകമാണ്. ഇത്തരത്തിൽ ബുദ്ധിമുട്ടുന്നവരുടെ ക്ഷേമവും സംരക്ഷണവും ഉറപ്പാക്കുന്നതിന് പൊതുസമൂഹത്തിന്റെ/സർക്കാരിന്റെ ഇടപെടലുകൾ ശക്തിപ്പെടുത്തുന്നതിന് ഒരു നിയമനിർമ്മാണത്തിന്റെ ആവശ്യകതയിലേക്ക് എത്തിച്ചേരാൻ ഇടയായിരിക്കുന്നു.

സംസ്ഥാനത്തെ നിരാലംബരായ മാനസിക ബില്ലുവിളികൾ നേരിടുന്നവരും ചലനശേഷി നഷ്ടപ്പെട്ടവരുമായവരുടെയും അവരുടെ സംരക്ഷകരുടെയും ജീവിതം മെച്ചപ്പെടുത്തുന്നതിനും ഏത് സാഹചര്യത്തിലും സംരക്ഷണവും കരുതലും ഉറപ്പാക്കി അവരുടെ പരിമിതമായ ശേഷികളെ മെച്ചപ്പെടുത്തുന്നതിന് അനുയോജ്യമായവിധത്തിൽ പരിവർത്തിപ്പിക്കുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബില്ലിലെ വ്യവസ്ഥകൾപ്രകാരം അതോറിറ്റി നിലവിൽ വരുകയും പ്രവർത്തിച്ചു തുടങ്ങുകയും ചെയ്യുമ്പോൾ മാത്രമേ വേണ്ടിവരുന്ന സാമ്പത്തിക ബാദ്ധ്യത എത്രയെന്ന് കണക്കാക്കാൻ കഴിയുകയുള്ളൂ. എങ്കിലും പ്രാരംഭ ചെലവുകൾക്ക് 50 ലക്ഷം രൂപ സഞ്ചിത നിധിയിൽനിന്നും പ്രതീക്ഷിക്കുന്നു.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

സർക്കാറിന് ഗസറ്റ് വിജ്ഞാപനംവഴി ഈ നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഈ നിയമം അനുസരിച്ച് ഉണ്ടാക്കുന്ന ചട്ടങ്ങൾ സഭയുടെ മുൻപാകെ വയ്ക്കേണ്ടതാണ്. സഭയ്ക്ക് അത് അംഗീകരിക്കുവാനോ

റദ്ദ് ചെയ്യുവാനോ ഭേദഗതി ചെയ്യുന്നതിനോ ഉള്ള അധികാരം ഉണ്ട്. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം നൽകിയിട്ടുള്ളത് നടപടിക്രമങ്ങളെ സംബന്ധിക്കുന്നതോ ദൈനംദിന ഭരണകാര്യങ്ങളെ സംബന്ധിക്കുന്നതോ ആയ കാര്യങ്ങൾക്കാണ്. ആയതിനാൽ ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

**ഗോവിന്ദൻ പള്ളിക്കാപ്പിൽ, എം.എൽ.എ.**